പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 526 24.10.2011 ൽ മറുപടിക്ക്

## ഡ്രൈവിംഗ് ലൈസൻസും വാഹന രജിസ്ട്രേഷനും ഓൺലൈനിൽ

**ചോദ്യം**
ശ്രീ. പി.ശ്രീരാമകൃഷ്ണൻ
ശ്രീ. എം.എ.ബേബി
ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ. ജെയിംസ് മാത്യു

**ഉത്തരം**
ശ്രീ. വി.എസ്.ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാനും വാഹന രജിസ്ട്രേഷനും ഓൺലൈൻ സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ചുള്ള സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാഹന രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഗതാഗത വകുപ്പിന് ഇതു സംബന്ധമായ കേന്ദ്രനിർദ്ദേശം വല്ലതും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇതു സംബന്ധമായി പ്രത്യേക കേന്ദ്ര നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ല. സംസ്ഥാന സർക്കാരിന്റെ ഐ.റ്റി. പോളിസിയുടെ ഭാഗമായാണ് ഇത് നടപ്പാക്കുന്നത്. |
| (സി) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഇടനിലക്കാരെ ഒഴിവാക്കാൻ ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുമെന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (സി) | മോട്ടോർ വാഹന വകുപ്പിന് ഇടനിലക്കാരുടെ സേവനം ആവശ്യമില്ല. ആയത് അംഗീകരിച്ചിട്ടുമില്ല. |
| (ഡി) | ഇക്കാര്യത്തിൽ സംസ്ഥാനം ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് |

| | | | | |
|---|---|---|---|---|
| | | | | നടപ്പാക്കിവരുന്നു.<br>**<u>എനി സർവീസ് എനി കൗണ്ടർ</u>**<br>ഈ സംരംഭത്തിലൂടെ ആഫീസിൽ വരുന്ന പൊതു ജനത്തിന് ഒറ്റ കൗണ്ടറിൽ നിന്ന് കൊണ്ട് തന്നെ ഫീസ്, ടാക്സ്, സെസ്സ് മുതലായവ ഒടുക്കുവാൻ കഴിയുന്നു.<br>**<u>ഫാസ്റ്റ് ട്രാക്ക്</u>**<br>ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഒരു വ്യക്തി നേരിട്ട് ആഫീസിൽ ഹാജരാകുന്ന പക്ഷം അര മണിക്കൂർ സമയ ത്തിനുള്ളിൽ സേവനം ലഭ്യമാക്കി കൊടുക്കുന്നതാണ്. ഫാസ്റ്റ് ട്രാക്ക് സംവിധാനം ചില സേവനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.<br>**<u>വെബ്സൈറ്റ്</u>**<br>വകുപ്പ് ഔദ്യോഗിക വെബ്സൈറ്റ് (www.kerala.mvd.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതു മുഖാന്തിരം അപേക്ഷകന് ഫാൻസി നമ്പർ വിവരങ്ങൾ, ടാക്സ് കാൽക്കുലേറ്റർ, ലേണേഴ്സ് മോക്ക് ടെസ്റ്റ്, എല്ലാ അപേക്ഷകളുടെയും നിലവിലുള്ള അവസ്ഥ എന്നിവ അറിയുവാൻ കഴിയും.<br>**<u>ഓൺ ലൈൻ ആപ്ലിക്കേഷൻ</u>**<br>വകുപ്പിന്റെ 24 സർവീസുകൾ ലഭിക്കുന്നതിനായി ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷിക്കുവാൻ കഴിയുന്നതാണ്. ഡീലർമാർക്കായി |

| | | | |
|---|---|---|---|
| | | | ഡീലർ ലോഗ്സ്, മറ്റു വകുപ്പുകൾക്കായി എൻഫോഴ്സ്മെന്റ് ലോഗിൻ വെബ് സർവീസ് എന്നീ സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>സ്പീഡ് പോസ്റ്റ്<br>വകുപ്പിന്റെ സേവനങ്ങൾ സുതാര്യവും അഴിമതിരഹിതവും ആക്കുന്നതിന്റെ ഭാഗമായി സ്പീഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയത് ഫലവത്തായതായി കാണുന്നു.<br>ഇ-പേയ്മെന്റ്<br>ഇ-പേയ്മെന്റ് സംവിധാനം വഴി ഒരു അപേക്ഷകന് വീട്ടിൽ ഇരുന്നുതന്നെ സേവനങ്ങൾക്ക് ആവശ്യമായ ഫീസ് ഇന്റർ നെറ്റ് മുഖാന്തിരം ഒടുക്കുവാൻ കഴിയുന്നതാണ്. എസ്ബിടി, എസ്.ബി.ഐ. എന്നീ ബാങ്കുകളും ട്രഷറിയുമായും ചേർന്നാണ് ഇതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>മേൽപറഞ്ഞ സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും ഇതിലൂടെ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ